## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2231** **04.11.2019 - ൽ മറുപടിക്ക്.**

# റേഷൻ വാങ്ങാത്ത മുൻഗണന വിഭാഗത്തിൽപ്പെട്ടവർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. ദിവാകരൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണന വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(ബി) പ്രസ്തുത കുടുംബങ്ങളെ മുൻഗണന വിഭാഗത്തിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) യും (ബി) യും സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണന വിഭാഗത്തിൽപ്പെട്ട അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.<br><br>റേഷൻ വാങ്ങാത്ത എ.എ.വൈ/ മുൻഗണനാ വിഭാഗത്തിൽപ്പെട്ടവരുടെ പട്ടിക പരിശോധിച്ച് പ്രസ്തുത ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകി, വിശദീകരണം വാങ്ങി ടി കാർഡുകളെ പൊതു വിഭാഗത്തിലേക്കു മാറ്റുകയോ കാർഡ് റദ്ദ് ചെയ്യുകയോ ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

സ്ഥിരമായി 3 മാസം റേഷൻ വിഹിതം കൈപ്പറ്റാത്തവർ (മെയ് - ജൂലൈ, 2019)

| നം | ജില്ല | മുൻഗണനാ വിഭാഗം | എ.എ.വൈ | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 8294 | 844 | 9138 |
| 2 | കൊല്ലം | 5803 | 526 | 6329 |
| 3 | പത്തനംതിട്ട | 2458 | 268 | 2726 |
| 4 | ആലപ്പുഴ | 3498 | 447 | 3945 |
| 5 | കോട്ടയം | 2818 | 355 | 3173 |
| 6 | ഇടുക്കി | 3131 | 526 | 3657 |
| 7 | എറണാകുളം | 7049 | 483 | 7532 |
| 8 | തൃശ്ശൂർ | 4495 | 583 | 5078 |
| 9 | പാലക്കാട് | 5168 | 605 | 5773 |
| 10 | മലപ്പുറം | 3163 | 310 | 3473 |
| 11 | കോഴിക്കോട് | 2758 | 258 | 3016 |
| 12 | വയനാട് | 698 | 335 | 1033 |
| 13 | കണ്ണൂർ | 2365 | 375 | 2740 |
| 14 | കാസർഗോഡ് | 1010 | 89 | 1099 |
| **ആകെ** | | **52708** | **6004** | **58712** |

സെക്ഷൻ ഓഫീസർ